(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 31-3-2015-നുമുമ്പ് തുടങ്ങിയ പ്രവൃത്തികൾ, ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് 3-6-2015-ലെ 5054/K1/2015/DMD നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണനിധി അനുവദിക്കാറില്ല.

പുറമ്പോക്കിലെ താമസക്കാർക്ക് പട്ടയം അനുവദിക്കാൻ നടപടി

154 (1187) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി ഈശ്വരമംഗലത്തെ പുഴ പുറമ്പോക്കിൽ 40 വർഷത്തിലധികമായി താമസിക്കുന്ന 100 കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് സ്ഥിരതാമസമാക്കിയ ഇവർക്ക് സ്വന്തമായി റേഷൻ കാർഡും, വീട്ട് നമ്പരും, കൈവശ സർട്ടിഫിക്കറ്റും ഉള്ളവരും ഭൂമി വാങ്ങി വീട് വയ്ക്കാൻ കഴിയാത്ത തീർത്തും നിർദ്ധനരായവരുമായതിനാൽ 'ഭൂമി കേരളം' പദ്ധതിയിൽപ്പെടുത്തി ഇവർക്ക് ഇപ്പോൾ താമസിക്കുന്ന സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുഴ പുറമ്പോക്ക് ഭൂമി പതിച്ച് നൽകരുതെന്ന് ബഹു. സുപ്രീം കോടതിയുടെയും ബഹു. കേരള ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ നിലവിലുള്ളതിനാൽ പ്രസ്തുത ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ഉള്ളൂർക്കടവ് പാലത്തിന് സ്ഥലമെടുപ്പ്

155 (1188) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി ബാലുശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly